| A | | 1012 |
|---|---|---|

# സമഗ്ര ശിക്ഷാ, കേരളം
# പാദവാർഷിക ആത്യന്തികവിലയിരുത്തൽ 2025-26
## മലയാളം
## അടിസ്ഥാനപാഠാവലി

ക്ലാസ് : 10

സമയം : 1 ½ മണിക്കൂർ

ആകെ സ്കോർ : 40

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം. **A അല്ലെങ്കിൽ B** എന്ന തരത്തിലുള്ള ചോദ്യങ്ങളിൽ, ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതിയാൽ മതി.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

1 **മുതൽ 4 വരെ ചോദ്യങ്ങൾക്ക് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക. (1 സ്കോർ വീതം)**

**(4 × 1 = 4)**

**1.** "കാത്തിരുന്ന് കാത്തിരുന്ന്
കാൽ തരിച്ചുപോയി കാൽ തരിച്ചുപോയി..." (ഖൽബിലെ നിലാവ്)

ഗാനസന്ദർഭത്തിൽ കാൽ തരിച്ചുപോയി എന്ന പ്രയോഗം നൽകുന്ന അർഥസൂചന എന്ത്?

A. നായകന്റെ കാത്തിരിപ്പിന്റെ ദൈർഘ്യം
B. നായികയെ കാണാത്തതിലുള്ള ദേഷ്യം
C. നായികയുടെ അതുല്യമായ സൗന്ദര്യം
D. നായികയെ കാണാമെന്നുള്ള പ്രതീക്ഷ നശിച്ചു

**2.** ചിത്രകാരി എന്ന കഥയിലെ ഹാഫിസ് എന്ന കഥാപാത്രത്തിന് യോജിച്ച പ്രസ്താവന ഏത്?

A. കലാകാരികളോട് ആദരവുണ്ട്.
B. കലയെ അംഗീകരിക്കാനുള്ള മനസ്സുണ്ട്.
C. ഭാര്യയുടെ കലാഭിരുചികളെ പിന്തുണയ്ക്കുന്നു.
D. കുടുംബജീവിതത്തെക്കുറിച്ചുള്ള യാഥാസ്ഥിതിക കാഴ്ചപ്പാട്.

**3.**
(I) കതിർ, കുല - കതിർക്കുല
(II) കാരണ, മില്ലാത്ത - കാരണമില്ലാത്ത
(III) മല, ഓരം - മലയോരം
(IV) സ്വർണ്ണ, ക്കിരീടം - സ്വർണ്ണക്കിരീടം

തന്നിരിക്കുന്നവയിൽ ശരിയായി ചേർത്തെഴുതിയവ ഏതെല്ലാം?

A. (I) ഉം (IV) ഉം ശരി
B. (I) ഉം (II) ഉം ശരി
C. (I) ഉം (III) ഉം ശരി
D. (III) ഉം (IV) ഉം ശരി

4. "പെരുവഴിയിരുളാണെങ്കിലും ഒന്നിച്ചു പറക്കുവിൻ... മിന്നിമിനുങ്ങും ഹൃദയത്തിൽ വെളിച്ചം ഒന്നായൊഴുക്കുവിൻ..."

(ഒരു പക്ഷിക്കുഞ്ഞിന്റെ മരണം)

ഈ നാടകസന്ദർഭത്തിലെ ആശയത്തിനു യോജിച്ച പഴഞ്ചൊല്ല് ഏത് ?

A. വിതച്ചതേ കൊയ്യൂ

B. ഐകമത്യം മഹാബലം

C. ഏച്ചുകെട്ടിയാൽ മുഴച്ചിരിക്കും

D. കൊക്കിലൊതുങ്ങുന്നതേ കൊത്താവൂ

**5 മുതൽ 7 വരെ ചോദ്യങ്ങൾക്ക് മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക.**

**(3 സ്കോർ വീതം)** **(3 × 3 = 9)**

5. "അട്പ്പത്തെ പണി ഒരു കടലാ ഫിസേ... അതങ്ങട്ട് തീർന്നൂന്ന് പറയാമ്പറ്റ്യങ്ങനെ?... അന്റെ പെയിന്റടി പോലല്ലാത്... എന്നല്ല, ദൊന്നും പെണ്ണുങ്ങക്ക് പറ്റ്യേ പണ്യല്ല..."

(ചിത്രകാരി)

ഈ വാക്കുകൾ ഉമ്മയുടെ മനോഭാവത്തെക്കുറിച്ച് നൽകുന്ന സൂചനകൾ എന്തെല്ലാം? വ്യക്തമാക്കുക.

6. അന്നൊരുനാൾ അമ്പിളിമാൻ
വമ്പനായി വന്നു... വമ്പനായി വന്നു...
വന്നു നിന്നെ കണ്ടതോടെ
അമ്പരന്നുനിന്ന്... അമ്പരന്നുനിന്ന്...

(ഖൽബിലെ നിലാവ്)

വരികളിലെ കാവ്യഭംഗി വിശദമാക്കുക.

7 (A) ഒരു കിളി : ഇനി ഒരുനാൾ അന്തിയിൽ നാം ചേക്കേറാനെത്തുമ്പോൾ ഇതും വേരറ്റു വീണിരിക്കും.

കിളികൾ : പിന്നെ നമ്മളെവിടെ കൂടുകെട്ടും?

(ഒരു പക്ഷിക്കുഞ്ഞിന്റെ മരണം)

കിളികളുടെ ഈ ആശങ്കയുടെ കാരണങ്ങൾ എന്തെല്ലാമായിരിക്കും? നിരീക്ഷണങ്ങൾ കുറിക്കുക.

**അല്ലെങ്കിൽ**

(B) "ഒരു ചായ വേണം നിസ്സ്..."
"ഒരു ചായ..."
അയാൾ നിയന്ത്രണമറ്റൊരൊച്ചയിൽ വീണ്ടും പറഞ്ഞു.
പിന്നെ അവളുടെ കൈയിലെ ബ്രഷ് ഒരൊറ്റത്തട്ടിന് തെറിപ്പിച്ചുകളഞ്ഞു.

(ചിത്രകാരി)

അടിവരയിട്ട പ്രയോഗങ്ങളിൽ തെളിയുന്ന ഹാഫിസ് എന്ന കഥാപാത്രത്തിന്റെ മാനസികാവസ്ഥ കണ്ടെത്തിയെഴുതുക.

8 മുതൽ 11 വരെ ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.
(5 സ്കോർ വീതം) (4 × 5 = 20)

8. "മൂടൽമഞ്ഞു പടർന്ന പ്രകൃതി. ഇടയ്ക്ക് മായുന്ന മഞ്ഞിലൂടെ കടന്നുവരുന്ന തെളിവെയിലിൽ നരച്ച, പച്ചയുടെ, മഞ്ഞയുടെ, ഇടയ്ക്ക് പൊട്ടിവിടർന്നൊരു ചുവപ്പു പൂവ്."

"...മൂടൽമഞ്ഞ്..."

അവൾ പറഞ്ഞു: "അതാണ് ഫിസാ..."

(ചിത്രകാരി)

ചിത്രകാരിയായ ഫിസയുടെ ജീവിതാവസ്ഥകൾ അടയാളപ്പെടുത്താൻ ഈ സന്ദർഭം എത്രമാത്രം പര്യാപ്തമാണ്? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

9. "ഇറുപ്പവന്നും മലർ ഗന്ധമേകും
വെട്ടുന്നവന്നും തരു ചൂടകറ്റും
ഹനിപ്പവന്നും കിളി പാട്ടുപാടും
പരോപകാരപ്രവണം പ്രപഞ്ചം "

(ഉള്ളൂർ)

പക്ഷിശാസ്ത്രക്കാരൻ : "നമ്മൾക്ക് കുളിർമ്മ തന്നവനും വെട്ടിയവനും തണലേകുക."

(ഒരു പക്ഷിക്കുഞ്ഞിന്റെ മരണം)

കവിതയിലെ വരികളും, പക്ഷിശാസ്ത്രക്കാരന്റെ വാക്കുകളും താരതമ്യംചെയ്ത് കുറിപ്പ് തയ്യാറാക്കുക.

10. ഗദ്യഭാഗം വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

കല്ലുകൾ നിറഞ്ഞ മയമില്ലാത്ത മണ്ണായിരുന്നു ബറൂൾ ഗ്രാമത്തിലെ ഭൂമി. രാസവളങ്ങൾ എമ്പാടും മുറിവേൽപ്പിച്ച മണ്ണിനെ പുനരുജ്ജീവിപ്പിക്കണമെങ്കിൽ മണ്ണിന്റെ മനസ്സറിഞ്ഞ് പ്രവർത്തിക്കണം. മഹുവാ, അചാർ, ചിരോഞ്ചി തുടങ്ങി ആ പ്രദേശങ്ങളിൽ സർവസാധാരണമായ ഏതാനും വൃക്ഷങ്ങൾ മാത്രമായിരുന്നു ആ തരിശുഭൂമിയിലുണ്ടായിരുന്നത്. ജൂണിൽ തുടങ്ങുന്ന മഴക്കാലം മധ്യപ്രദേശിൽ സെപ്റ്റംബർ വരെയുള്ള മൂന്നുമാസക്കാലമാണ്. വെള്ളം അതേപടി കുത്തിയൊഴുകി പോവുകയായിരുന്നു പതിവ്. ആ തരിശിൽ വെള്ളം കണ്ടെത്തുകയായിരുന്നു പ്രധാന പ്രശ്നം. അതിന് മഴയെ ആദ്യം മണ്ണിലിരുത്തണം. മണ്ണിനു കിട്ടുന്ന ഈർപ്പം വെയിലിൽ വറ്റിപ്പോവാതെ സംരക്ഷിക്കണം. അതിരുകളിൽ മുളംതൈകൾ വച്ചുപിടിപ്പിച്ചു. ഭൂമിയുടെ നാലുവശങ്ങളിലും കുഴികൾ കുത്തി. അവിടെനിന്നും പൊക്കിയെടുത്ത കല്ലുകൾകൊണ്ടുതന്നെ നാലതിരുകളും തിരിച്ചു. ഭൂമി തട്ടുകളാക്കി നിർത്തി മഴക്കാലത്തെ വെള്ളം ഒഴുകിപ്പോവാതെ തടഞ്ഞു. ഉണ്ടായിരുന്ന സ്വാഭാവിക മരങ്ങൾ നിലനിർത്തി.

(1) ബറൂൾ ഗ്രാമത്തിലെ മണ്ണിന്റെ സവിശേഷതകൾ എന്തെല്ലാം? (1 സ്കോർ)

(2) മഴവെള്ളം സംഭരിക്കുന്നതിനു വേണ്ടി എന്തെല്ലാം പ്രവർത്തനങ്ങളാണ് ബറൂൾ ഗ്രാമക്കാർ ചെയ്തത്? (2 സ്കോർ)

(3) ആ പ്രദേശത്തെ ഭൂമി തരിശായിപ്പോയത് എന്തുകൊണ്ടാവും? (2 സ്കോർ)

11. (A) "താമരപ്പൂങ്കാവനത്തില്
താമസിക്കുന്നോളേ... താമസിക്കുന്നോളേ...
പൂനിലാവ് വന്ന് പൂ വിതറണുണ്ട്...
പൂക്കളിൽ പൂറാണിയായി
പൂത്തുനിൽക്കുന്നോളേ..." (ഖൽബിലെ നിലാവ്)

നായികയുടെ സൗന്ദര്യം വർണ്ണിക്കുന്നതിന് ഈ വരികളിലെ പ്രയോഗങ്ങൾ എത്രത്തോളം ഉചിതമാണ്? വിലയിരുത്തുക.

**അല്ലെങ്കിൽ**

(B) പ്രശസ്തമായ നാടകഗാനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്സിൽ ഗാനസദസ്സ് സംഘടിപ്പിക്കുന്നു. അതിന്റെ ഭാഗമായി 'ഖൽബിലെ നിലാവ് ' എന്ന ഗാനാവതരണത്തിന് മുമ്പ് നടത്താനുള്ള ആമുഖഭാഷണം തയ്യാറാക്കുക.

ചുവടെ നൽകിയ സൂചനകളും ഉൾപ്പെടുത്തണം.

(ഗാനരചന – കെ.ടി. മുഹമ്മദ്, സംഗീതം– കെ. രാഘവൻ, ഗാനത്തിന്റെ ആശയതലം, ഗാനത്തിന്റെ സവിശേഷതകൾ)

**ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** (1× 7 = 7)

12. (A)
- "കൈകൾ ആയത്തിൽ വീശി, അവളുടെ വരകളിലേക്ക് പുച്ഛംപുരണ്ട ഒരു നോട്ടമെറിഞ്ഞ് ഉമ്മ കടന്നുപോകവേ, രണ്ടു കണ്ണുകളുടെ നനഞ്ഞ നോട്ടം തന്നിലേക്കു പടരുന്നത് തീർത്തുമവഗണിച്ച്, അയാൾ നഖങ്ങൾക്കുള്ളിലെ ചെളിയടർത്തിക്കൊണ്ടിരുന്നു."
- "നിശ്ശബ്ദമായൊരു കരച്ചിലോടെ, അവൾ കൈകഴുകാൻ തുടങ്ങി."

സൂചനകളും കഥയുടെ ആശയം, ആഖ്യാനരീതി, സമകാലികപ്രസക്തി എന്നിവയും പരിഗണിച്ച് 'ചിത്രകാരി' എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

**അല്ലെങ്കിൽ**

(B) കിളികൾ : എല്ലാവരുംകൂടി ഓരോ കൊത്ത്. അയാൾ രക്തംവാർന്ന് വെയിലത്ത് വാടിവീഴും... ആ പാടത്തിനൊത്ത നടുവിൽ.

പക്ഷിശാസ്ത്രക്കാരൻ : അയ്യോ! വേണ്ട. എന്റെ പൊന്നുങ്കുടങ്ങളേ, കൊത്തണ്ട... ആ രക്തംകൊണ്ട് കുഴയ്ക്കണ്ട.

(ഒരു പക്ഷിക്കുഞ്ഞിന്റെ മരണം )

"സ്നേഹിക്കയുണ്ണീ നീ നിന്നെ
ദ്രോഹിക്കുന്ന ജനത്തെയും
ദ്രോഹം ദ്വേഷത്തെ നീക്കിടാ
സ്നേഹം നീക്കിടുമോർക്ക നീ !"
(കുമാരനാശാൻ)

| ദ്വേഷം - വെറുപ്പ് |
|---|

തന്നിരിക്കുന്ന രചനാഭാഗങ്ങളിലെ ആശയവും സമകാലികയുദ്ധസാഹചര്യങ്ങളും വിശകലനം ചെയ്ത് 'ലോകജീവിതം സമാധാനപൂർണ്ണമാക്കാം' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

* * *